പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4487

26.06.2014-ൽ മറുപടിയ്ക്ക്

## രാജ്യാന്തര കയർ മ്യൂസിയം

| ചോദ്യം<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>,, എം.എ.വാഹീദ്<br>,, എം.പി.വിൻസെന്റ്<br>,, ലൂഡി ലൂയിസ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ)സംസ്ഥാനത്ത് രാജ്യാന്തര കയർ മ്യൂസിയം ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കു മോ; | (എ) ഉണ്ട്. 2014 മെയ് മാസം 27-ന് കയർ ബോർഡിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ കലവൂരിൽ ഒരു രാജ്യാന്തര കയർ മ്യൂസിയം ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതിന്റെ പ്രവർത്തനം വഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി)കയർ വ്യവസായത്തിന്റെ ഉത്ഭവം മുതലുള്ള ചരിത്രവും, വ്യവസായത്തിൽ കൈവരിച്ചിട്ടുള്ള ഗവേഷണനേട്ടങ്ങളും, വൈവിധ്യമാർന്ന പുതിയ ഉൽപ്പന്നങ്ങളും, പൊതുജനങ്ങൾക്ക് വിശിഷ്യാ യുവജനങ്ങൾക്ക് പരിചയപ്പെടുത്തുകയും അതുവഴി പുതിയ നിക്ഷേപകരെ കയർ വ്യവസായത്തിലേക്ക് ആകർഷിക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) കയർമേഖലയിലെ ആഭ്യന്തര വിദേശ വിപണി മെച്ചപ്പെടുത്താൻ ഇതിന്റെ പ്രവർത്തനം എത്രമാത്രം സഹായിക്കു മെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദ മാക്കുമോ; | സി) കേരളത്തിൽ വരുന്ന വിദേശ രാജ്യങ്ങളിലെ സന്ദർശകരെയും, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സന്ദർശകരെയും കയർ രംഗത്തുള്ള പരമ്പരാഗത ഉൽപ്പന്നങ്ങളെയും വൈവിധ്യവൽക്കരിച്ച നവീന ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണിയും പരിചയപ്പെടുത്തിക്കൊടുക്കുക വഴി ആഭ്യന്തര - വിദേശ വിപണികൾ മെച്ചപ്പെടുത്താൻ കയർ മ്യൂസിയത്തിന്റെ പ്രവർത്തനം സഹായകമാകുമെന്ന് കയർ |